## കേരള സർക്കാർ

### സംഗ്രഹം

പഞ്ചായത്ത് വകുപ്പ്- ജീവനക്കാര്യം-തൃശ്ശൂർ ജില്ലയിലെ വരന്തരപ്പള്ളി ഗ്രാമ പഞ്ചായത്താഫീസിലെ ശ്രീ വിശാൽ ഇ വാസുദേവിന്റെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്

**സ.ഉ. (സാധാ) നം. 292/2016/തസ്വഭവ തീയതി, തിരുവനന്തപുരം,27/1/2016**

---

പരാമർശം : 1. തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 03.05.2013 ലെ ഇ 2-4666/2013 നമ്പർ നടപടിക്രമം.

2. പഞ്ചായത്ത് ഡയറക്ടറുടെ 14.10.2015 ലെ ഇ 6-33663/2015 നമ്പർ കത്ത്.

### ഉത്തരവ്

ആശ്രിതനിയമന പദ്ധതിപ്രകാരം 23.07.2007 ൽ ക്ലാർക്കായി സേവനത്തിൽ പ്രവേശിച്ച തൃശ്ശൂർ ജില്ലയിലെ വരന്തരപ്പള്ളി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. വിശാൽ ഇ വാസുദേവ് നിശ്ചിത സമയപരിധിയ്ക്കുള്ളിൽ എം. ഒ. പി. പരീക്ഷ വിജയിയ്ക്കാത്തതിനാൽ തൃശ്ശൂർ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ പരാമർശം 1 പ്രകാരം ടിയാന്റെ പ്രൊബേഷൻ കാലയളവ് ടിയാനെടുത്ത 4 ദിവസത്തെ അവധി കഴിച്ച് 27.07.2009 മുതൽ ഒരു വർഷത്തേക്ക് ദീർഘിപ്പിച്ച് നൽകുകയുണ്ടായി. 27.09.2012 ൽ ടിയാൻ എം. ഒ. പി പരീക്ഷ വിജയിച്ചതിനാൽ തൊട്ടടുത്ത ദിവസമായ 28.09.2012 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി ടിയാന്റെ നിയമനാധികാരിക്ക് പ്രഖ്യാപിയ്ക്കാൻ കഴിയുമാറ് 29.09.2012 വരെ പ്രൊബേഷൻ കാലയളവ് ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം 2 പ്രകാരം പഞ്ചായത്ത് ഡയറക്ടർ ശിപാർശ സമർപ്പിക്കുകയുണ്ടായി.

പരാമർശകത്തിലെ പഞ്ചായത്ത് ഡയറക്ടറുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ, തൃശ്ശൂർ ജില്ലയിലെ വരന്തരപ്പള്ളി ഗ്രാമ പഞ്ചായത്താഫീസിലെ ക്ലാർക്ക് ശ്രീ. വിശാൽ ഇ വാസുദേവ് എം. ഒ. പി പരീക്ഷ വിജയിച്ച 27.09.2012 ന്റെ തൊട്ടടുത്ത ദിവസമായ

28.09.2012 ന് പ്രൊബേഷൻ പൂർത്തിയാക്കിയതായി നിയമനാധികാരിക്ക് പ്രഖ്യാപിക്കാൻ കഴിയുമാറ് 29.09.2012 വരെ പ്രൊബേഷൻ കാലയളവ്, കെ.എസ് & എസ്. എസ്.ആർ, ജനറൽ റൂൾ 21 പ്രകാരം, ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകല സി എസ്**
ഗവ.അണ്ടർ സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ (പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
സെക്രട്ടറി, വരന്തരപ്പള്ളി ഗ്രാമപഞ്ചായത്താഫീസ്, തൃശ്ശൂർ.
(പഞ്ചായത്ത് ഡയറക്ടർ മുഖാന്തിരം).
ഡയറക്ടർ, ഐ. കെ. എം ( സർക്കാരിന്റെ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് ).
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്.(521/ഇപിഎ 1/2015/തസ്വഭവ നമ്പർ ഫയൽ)

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ